DESPATCHED
On. 20/2/2020
09/01/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.2860(4)/2014/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.17408/SIC-Gen 2/2014**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ബി. സത്യശീലൻ നായർ,
'ആതിര', സി.ആർ.എ. 199, റ്റി.സി. 10/1408-1,
കാവല്ലൂർ, വട്ടിയൂർക്കാവ് പി.ഒ.,
തിരുവനന്തപുരം – 695 013.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വിനോദ സഞ്ചാര വകുപ്പ്,
പാർക്ക് വ്യൂ, തിരുവനന്തപുരം – 33.

2. അപ്പീൽ അധികാരി & ഡെപ്യൂട്ടി ഡയറക്ടർ,
വിനോദ സഞ്ചാര വകുപ്പ്,
പാർക്ക് വ്യൂ, തിരുവനന്തപുരം – 33.
} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയുടെ ഓഫീസായ ടൂറിസം ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന്, വകുപ്പിലെ ചില തസ്തികകളിലെ നിയമനവും പ്രമോഷനും ഒക്കെയായി ബന്ധപ്പെട്ട ചില വിവരങ്ങൾ ആവശ്യപ്പെട്ടിട്ട്, ആയവ വിവരാവകാശ നിയമത്തിന്റെ 8(1) j വകുപ്പുപ്രകാരം നൽകാൻ കഴിയാത്തതാണെന്നു കാണിച്ച് മറുപടി ലഭിച്ചുവെന്നും, ഇത് ശരിയായ മറുപടിയല്ല എന്നും ചൂണ്ടിക്കാട്ടിയാണ് കമ്മീഷന് ടിയാൻ അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് 08.12.14ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. 26.12.14നകം റിപ്പോർട്ട് നൽകണമെന്നാണ് കമ്മീഷൻ ആവശ്യപ്പെട്ടിരുന്നതെങ്കിലും, എതിർകക്ഷികൾ ഈ സമയപരിധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിച്ചില്ല. ഇതേ തുടർന്ന് മടക്കത്തപാലിൽ തന്നെ മറുപടി നൽകണമെന്നാവശ്യപ്പെട്ട് കമ്മീഷൻ 25.02.15ൽ വീണ്ടും എതിർകക്ഷികൾക്ക് നോട്ടീസ് അയച്ചു.

3. ഇതേ തുടർന്ന് 28.02.15ൽ രണ്ടാം എതിർകക്ഷി കമ്മീഷന് റിപ്പോർട്ട് നൽകി. കമ്മീഷൻ നേരത്തെ ആവശ്യപ്പെട്ട സമയപരിധിക്കുള്ളിൽത്തന്നെ (24.12.14) റിപ്പോർട്ട് കമ്മീഷൻ ഓഫീസിൽ നേരിട്ട് എത്തിച്ചിരുന്നുവെന്നും ഇതിനു തെളിവായി ടിയാന്റെ ഓഫീസിലെ ലോക്കൽ ഡെലിവറി ബുക്കിന്റെ പകർപ്പ് (കമ്മീഷൻ ഓഫീസിന്റെ

സീൽ പതിച്ചത്) കത്തിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു എന്നും കാണിച്ച് കമ്മീഷ മറുപടി നൽകി. ടി റിപ്പോർട്ടിന്റെ പകർപ്പ് ഒരിക്കൽ കൂടി അയക്കുന്നതായും മറുപടി കത്തിൽ ചൂണ്ടിക്കാട്ടി.

4) ടി റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു. "വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരുന്നത് വകുപ്പിലെ ഉയർന്ന തസ്തികകളിലേക്കുള്ള പ്രമോഷൻ സംബന്ധമായ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും സ്പഷ്ടീകരണങ്ങളുമാണ്. ഈ വകുപ്പിൽ ജീവനക്കാരുടെ നിയമനങ്ങളും പ്രമോഷനുകളും സ്പെഷ്യൽ റൂളിനാൽ നിയന്ത്രിതമാണ്. ആയതും ജീവനക്കാരും തൊഴിൽ ദാതാവും തമ്മിലുള്ള വിഷയമായതിനാൽ വിവരാവകാശ നിയമം 8(1) j യിൽപ്പെടുന്നു. (SLP (Civil) No.27734/12). കൂടാതെ അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും സ്പഷ്ടീകരണങ്ങളും സംശയ നിവാരണങ്ങളും നൽകുവാനും, വിവരങ്ങൾ രൂപപ്പെടുത്തി നൽകുവാനും (OM 11/2/2008 – IR dt. 10.07.2008 from Government of India) പ്രസ്തുത നിയമം വ്യവസ്ഥ ചെയ്യുന്നില്ല. വിവരാവകാശ നിയമം ദുരുപയോഗം ചെയ്യുന്ന ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നതുമൂലം ജീവനക്കാർക്ക് തങ്ങളുടെ ഔദ്യോഗിക കൃത്യനിർവഹണത്തിന് ചെലവഴിക്കേണ്ട സമയത്തിൽ ഏറിയ പങ്കും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്."

5) ഇതിനുശേഷം 09.01.2020ൽ കമ്മീഷൻ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

6) നേരത്തെ റിപ്പോർട്ടിൽ വ്യക്തമാക്കിയ കാര്യങ്ങൾ ഒന്നാം എതിർകക്ഷി ഹിയറിങിലും ആവർത്തിച്ചു. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കമ്മീഷൻ താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു.

1. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ടൂറിസം വകുപ്പിലെ ചില ഉയർന്ന തസ്തികകളിലെ നിയമനം, പ്രമോഷൻ തുടങ്ങിയവയ്ക്ക് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച കാര്യങ്ങളാണ്. സ്പെഷ്യൽ റൂൾ ഉണ്ടെങ്കിൽ അതെന്തൊക്കെയെന്നും ചോദിച്ചിരുന്നു. ടൂറിസം വകുപ്പ് ജീവനക്കാരെ പരിശീലനത്തിനു നിയോഗിക്കുന്നതിനുള്ള മാനദണ്ഡവും വ്യവസ്ഥകളും കൂടി ടിയാൻ ചോദിച്ചിരുന്നു.

2. ഈ വിവരങ്ങൾ വിവരാവകാശ നിയമത്തിന്റെ 8(1) j വകുപ്പു പ്രകാരം നൽകാൻ കഴിയില്ലെന്ന ഒന്നാം എതിർകക്ഷിയുടെ മറുപടി നിയമപരമല്ല. അതുകൊണ്ടു തന്നെ ശരിയുമല്ല. വിവരാവകാശ നിയമത്തിന്റെ 8(1) j വകുപ്പ് പറയുന്നത് ഇപ്രകാരമാണ്.

"Information which relates to personal information, the disclosure of which has no relationship to any public activity or interest, or which would

cause unwarranted invasion of the individual, unless the Central Public Information Officer, or the State Public Information Officer, or the appellate authority, as the case may be, is satisfied that the larger public interest justifies the disclosure of such information:

Provided that the information which cannot be denied to the parliament or a state legislature shall not be denied to any person."

3. ഇതു പരിശോധിക്കുമ്പോൾ, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ഏതെങ്കിലും വ്യക്തിയുടേയോ, വ്യക്തികളുടേയോ സ്വകാര്യമോ, വ്യക്തിപരമോ ആയ വിവരങ്ങളല്ല എന്ന് സാമാന്യ ബുദ്ധിക്കുതന്നെ മനസ്സിലാക്കാവുന്നതേയുള്ളൂ എതിർകക്ഷികളുടെ വകുപ്പിലെ ചില തസ്തികകളിലെ നിയമനവും പ്രമോഷനും ആയി ബന്ധപ്പെട്ട സാമാന്യ വിവരങ്ങളാണ് അപേക്ഷയിൽ ചോദിച്ചത്. ഈ വിവരങ്ങൾ നിയമനിർമാണ സഭകൾക്ക് നിഷേധിക്കാൻ കഴിയുന്നതല്ലാ, അതുകൊണ്ടു തന്നെ വ്യക്തികൾക്കും നിഷേധിക്കാൻ കഴിയുന്നതല്ല.

4. അതുകൊണ്ട് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളും വിവരങ്ങളും ടിയാന് നൽകേണ്ടതു തന്നെയാണ്.

7.) ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും പൂർണമായും സൗജന്യമായി ഈ ഉത്തരവു കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ ടിയാന് നൽകേണ്ടതും, ടി വിവരം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഒപ്പം അപേക്ഷ സമർപ്പിച്ച കാലയളവിൽ, ഇത്, നിയമം ദുർവ്യാഖ്യാനം ചെയ്ത് നൽകാതിരുന്ന പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതിനുള്ള വിശദീകരണവും ടി കാലയളവിനുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം, 2020 ജനുവരി മാസം 9–ാം തീയതി താൽക്കാലികമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8.) പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യിൽ നിന്ന് വിശദീകരണം ലഭ്യമാക്കി കമ്മീഷന് നൽകേണ്ടതിന്റെ ഉത്തരവാദിത്വം നിലവിലെ എസ്.പി.ഐ.ഒ. യ്ക്കാണ് എന്ന കാര്യവും വ്യക്തമാക്കിക്കൊള്ളുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •